# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4563** **22.07.2015 ൽ മറുപടിക്ക്**

## റോഡ് സേഫ്റ്റി അതോറിറ്റിയുടെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ എം.എൽ.എ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതു വരെ റോഡ് സുരക്ഷ അതോറിറ്റിയുടെ ധനസഹായത്തോടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ വഴി നടപ്പാക്കിയ പദ്ധതികളും പദ്ധതികൾക്ക് അനുവദിച്ച തുകയും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. നിയോജക മണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ച് നല്കുന്നതാണ്. |
| (ബി) | റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പദ്ധതികൾക്ക് /സ്കീമുകൾക്ക് ധനസഹായമനുവദിക്കുന്നതിന്റെ മാനദണ്ഡവും മാർഗ്ഗരേഖയും വിശദമാക്കാമോ ; | (ബി) | കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട്-2007, വകുപ്പ് 13(എ) മുതൽ 13(എച്ച്) വരെയുള്ള റോഡ് സുരക്ഷ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്;<br><br>എ. റോഡ് സുരക്ഷ പരിപാടികൾക്ക്;<br>ബി. റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്;<br>സി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന്.<br>ഡി. റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികളിലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നല്കുന്നതിന്; |

| | | | |
|---|---|---|---|
| | | | ഇ. ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും<br>എഫ്. അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്;<br>ജി. അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്;<br>എച്ച്. നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിന്<br>റോഡ് സുരക്ഷ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ അടങ്ങിയ സർക്കുലർ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br>അതോറിറ്റിയുടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ, മറ്റ് ഏജൻസികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് മീറ്റിംഗിലും ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള അതോറിറ്റി മീറ്റിംഗിലും അജണ്ടയായി വയ്ക്കുകയും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടുകൾ നൽകി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്